മദ്യനിരോധനം

*൩൫൪ (൫൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അടുത്തവർഷം പുതുതായി ഏതെങ്കിലും താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ;

(ബി) ഇതുനിമിത്തം എത്രസംഖ്യ ഗവൺമെൻറിനു നഷ്ടമുണ്ടാകുമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) അടുത്ത വർഷത്തിൽ മദ്യനിരോധനം കാരണം ആകെ എത്ര ലക്ഷം ഉറുപ്പികയുടെ നഷ്ടം സഹിക്കേണ്ടതായിവരും;

(ഡി) ഈ നഷ്ടം നികത്തുവാൻ എന്തുമാർഗ്ഗമാണ് കണ്ടുപിടിച്ചിരിക്കുന്നത്?

ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉണ്ട്. പത്തനാപുരം, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിൽ.

(ബി) ൩൹ ൦ ൦ ൦ ൦ രൂപാ.

(സി) ൭ ൫൹ ൦ ൦ ൦ ൦ രൂപാ.

(ഡി) ഇതിനംക്കുടി ഒരു മാർഗ്ഗമായിട്ടാണ് വില്പനനികുതി ഏർപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇതുസംബന്ധിച്ച് ഒരു സ്റ്റാറ്റിസ്റ്റിക്സ് കളക്ട് ചെയ്യാമെന്നുപറഞ്ഞതു് വരുന്ന ചിങ്ങത്തിനുമുമ്പ് ചെയ്യുവാൻ തീരുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: വളരെ പ്രയാസമുള്ള ഒരു സംഗതിയാണതു്. അതുസംബന്ധിച്ച് പല വിവരങ്ങളും ശേഖരിക്കേണ്ടതായിവരും. ഏതായാലും അതിലേക്ക നടപടി എടുക്കാൻ പോകുന്നുണ്ട്. ചിങ്ങത്തിനു മുമ്പ് തയ്യാറാകുമോ എന്നു പറയുവാൻ ഇപ്പോൾ സാധ്യമല്ല.

ടാൻസ്പോർട്ട് ബസ്സുസർവ്വീസ്സ്

*൩൫൫. (൫൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇക്കഴിഞ്ഞ ആറുമാസത്തിൽ ടാൻസ്പോർട്ട്ബസ്സു സർവ്വീസ്കൊണ്ടു ലാഭമാണോ, നഷ്ടമാണോ ഉണ്ടായിട്ടുള്ളതു്;

(ബി) ലാഭമാണെങ്കിൽ എത്രസംഖ്യയാണു കിട്ടിയിട്ടുള്ളതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) ലാഭമാണ്.

(ബി) അതിപ്പോൾ കണക്കാക്കാൻ കണക്കുകൾ മുഴുവൻ സിദ്ധിക്കാത്തതുകൊണ്ടു സാധ്യമല്ല. ഉദ്ദേശം പത്തുലക്ഷം രൂപാവരും.

ശ്രീ. പി. ടി. ചാക്കോ: ലാഭം കിട്ടിയിട്ടുള്ള തുക യാത്രക്കാരുടെ കൂടുതൽ സൗകര്യങ്ങൾക്കുവേണ്ടി ചിലവാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഈ തുക ഗവൺമെൻറ റവന്യൂവിൽ പോകുകയാണു ചെയ്യുന്നതു്. അതിൽനിന്നും ആവശ്യമുള്ള തുകകൾക്കു ലമ്പ്സം അലോട്ടുമെൻറായി വാങ്ങുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഞാൻ ചോദിക്കുന്നതു് ലാഭം കിട്ടുന്ന തുക മുഴുവൻ യാത്രക്കാരുടെ കൂടുതൽ സൗകര്യങ്ങൾക്കായി ചിലവാക്കാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ എന്നാണ്.

ശ്രീ. ജാൺ ഫിലിപ്പോസ്: അങ്ങനെ ആലോചിക്കുന്നില്ല. റയിൽവെയിലും ഇതുപോലെയുള്ള ഒരു contribution to revenue എന്ന വ്യവസ്ഥ ഉണ്ട്. ഇവിടേയും അതു ന്യായമാണ്.

ശ്രീ. സി. വി. ഐയ്യു: മാരോ ടാൻസ്പോർട്ട് ബസ്സിൽനിന്നും കിട്ടുന്ന തുകക്കുള്ള ആദായനികുതി ഇനം ഗവൺമെൻറ കുറയ്ക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആദായനികുതി കുറയ്ക്കുന്നില്ല. എന്നാൽ ഡെപ്രീസിയേഷനും വെഹിക്കിൾടാക്സും കുറയ്ക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly